# O.S.S.A.E.

## വാർഷിക പരീക്ഷ 2016

Class VI 04-12-2016, Sunday 11 AM to 1 PM Marks 50

**പേര് എഴുതുക (1-5)** 5

1. അയ്യാലോൻ താഴ്‌വരയിൽവച്ച് സൂര്യചന്ദ്രന്മാരെ നിശ്ചലമാക്കിയ ആൾ.
2. ഏഴകളുടെ അമ്മ എന്നു വിളിക്കപ്പെടുന്ന ആൾ.
3. വി. പക്കോമിയോസിന്റെ ജന്മസ്ഥലം.
4. സഭാവർഷം ആരംഭിക്കുന്ന ഞായറാഴ്ച.
5. വേമ്പനാട്ടുകായലിന്റെ പടിഞ്ഞാറേ തീരത്ത് ആലപ്പുഴയ്ക്കും തണ്ണീർമുക്കത്തിനും മദ്ധ്യേ സ്ഥിതിചെയ്തിരുന്ന ക്രിസ്ത്യൻ കേന്ദ്രം.

**ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (6-10)** 5

6. ദാവീദുരാജാവിനു പാപത്തെക്കുറിച്ച് ബോധം വരുത്തിയ പ്രവാചകൻ?
   (ശമുവേൽ, യശയ്യാവ്, നാഥാൻ)
7. യിസ്രയേൽ ജനതയ്ക്ക് കനാൻനാടു കീഴ്പ്പെടുത്തുവാൻ വേണ്ടിവന്ന വർഷം.
   (40 വർഷം, 7 വർഷം, 12 വർഷം)
8. മോശയുടെ മരണശേഷം പിൻഗാമിയായി നിയോഗിക്കപ്പെട്ടിരുന്ന ആൾ.
   (യോശുവ, അഹറോൻ, നാഥാൻ)
9. ക്രിസ്തുവിന്റെ കാലത്ത് റോമൻ ചക്രവർത്തിമാർ അറിയപ്പെട്ടിരുന്നത്.
   (ഹേറോദേസ്, ഫറവോൻ, കൈസർ)
10. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ.
    (പെന്തിക്കോസ്തിപ്പെരുന്നാൾ, പെസഹാപ്പെരുന്നാൾ, കൂടാരപ്പെരുന്നാൾ)

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്നെഴുതുക (11-15)** 5

11. വിശുദ്ധ കുർബ്ബാനയ്ക്കു നൽകിയിരിക്കുന്ന വിശേഷണമാണ് 'അമർത്യതയുടെ ഔഷധം' എന്നത്.
12. യേശുവിനെ കുറ്റവിചാരണ ചെയ്യുന്ന കാലത്തെ മഹാപുരോഹിതനായിരുന്നു 'ഹന്നാസ്.'
13. അടിമകളെ ശിക്ഷിക്കുന്നതിനും മറ്റുള്ളവർക്കു താക്കീതായും 'യഹൂദർ' നടപ്പിലാക്കിയിരുന്ന ഒരു ശിക്ഷാരീതിയായിരുന്നു ക്രൂശീകരണം.
14. 'കാൽവരി' എന്നത് ഒരു ലത്തീൻ ഭാഷാപദമാണ്.
15. ദൈവീക മഹത്വം ദർശിക്കുന്നതിനായി മോശ യിസ്രായേൽ ജനത്തെ മൂന്നുദിവസം ശുദ്ധീകരിച്ചു.

**താഴെ പറയുന്ന വാക്യങ്ങൾ ആരു പറഞ്ഞു എന്നെഴുതുക (16-20)** 5

16. "സകലതും നിവൃത്തിയായി."
17. "വാളെടുക്കുന്നവൻ വാളാൽ മരിക്കും."
18. "യേശുവിനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു."
19. "ക്രൂശിക്കപ്പെട്ട യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു."
20. "കർത്താവായ യേശുക്രിസ്തുവിനെ ധരിച്ചുകൊൾവിൻ."

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്തെഴുതുക (21-25)** 5

21. ഒലിവുമല - ചായൽ
22. വി. മൂറോൻ - മതിൽ
23. മാർതോമ്മാശ്ലീഹ - ആഗമനം
24. ഗമനം - ഗത്സമന
25. യെരീഹോ - മാമോദീസ

**ഒന്നോ രണ്ടോ വാക്കുകളിൽ ഉത്തരമെഴുതുക (26–30)** **5**

26. മലങ്കരസഭയിൽ 'സഭാരത്നം' എന്ന ബഹുമതി നേടിയ അഭിവന്ദ്യ തിരുമേനി ആര്?
27. 'തലയോടിടം' എവിടെ സ്ഥിതിചെയ്യുന്നു?
28. വി. കുർബ്ബാനയിൽ സുവിശേഷഭാഗം വായിക്കുന്നത് ഏതുപേരിൽ അറിയപ്പെടുന്നു? ആ പദത്തിന്റെ അർത്ഥം എന്ത്?
29. വി. കുർബ്ബാന സ്ഥാപിച്ച സ്ഥലം ഏത്?
30. ഉയിർപ്പിന്റെ സന്തോഷം ശിഷ്യരെ അറിയിക്കുവാനുള്ള ഭാഗ്യം ലഭിച്ചതാർക്ക്?

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (31–35)** **10**

31. 'നസറായനായ യേശു യഹൂദന്മാരുടെ രാജാവ്' എന്ന ക്രൂശിലെ മേലെഴുത്ത് ഏതെല്ലാം ഭാഷകളിൽ എഴുതിയിരുന്നു?
32. യേശുക്രിസ്തുവിനെ വിസ്തരിച്ച വേദികൾ ഏതെല്ലാമായിരുന്നു?
33. പുറപ്പാടുപുസ്തകത്തിന്റെ ഉള്ളടക്കം എന്താണ്?
34. ഒരു നല്ല സന്ന്യാസിയായിത്തീരുവാൻ ആവശ്യംവേണ്ട സ്വഭാവഗുണങ്ങൾ ഏവ?
35. പൊതുജീവിതം വിഷമകരമായിത്തീരുന്നതെപ്പോൾ?

**വേദഭാഗം വായിച്ച് ചുവടെ കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36–39)** **4**

അഹങ്കാരം വരുമ്പോൾ ലജ്ജയും വരുന്നു. താഴ്മയുള്ളവരുടെ പക്കലോ ജ്ഞാനമുണ്ട്. നേരുള്ളവരുടെ നിഷ്കളങ്കത്വം അവരെ വഴിനടത്തും. ദ്രോഹികളുടെ വികടമോ അവരെ നശിപ്പിക്കും. ക്രോധദിവസത്തിൽ സമ്പത്ത് ഉപകരിക്കുന്നില്ല. നീതിയോ മരണത്തിൽനിന്നു വിടുവിക്കുന്നു. നിഷ്കളങ്കന്റെ നീതി അവന്റെ വഴിയെ ചൊവ്വാക്കും. ദുഷ്ടനോ തന്റെ ദുഷ്ടതകൊണ്ട് വീണുപോകും. നേരുള്ളവരുടെ നീതി അവരെ വിടുവിക്കും. ദ്രോഹികളോ തങ്ങളുടെ ദ്രോഹത്താൽ പിടിപെടും. ദുഷ്ടൻ മരിക്കുമ്പോൾ അവന്റെ പ്രതീക്ഷ നശിക്കുന്നു. നീതികെട്ടവരുടെ ആശയ്ക്കു ഭംഗം വരുന്നു. നീതിമാൻ കഷ്ടത്തിൽനിന്നു രക്ഷപ്പെടുന്നു. ദുഷ്ടൻ അവനു പകരം അകപ്പെടുന്നു. വഷളൻ വായ്കൊണ്ടു കൂട്ടുകാരനെ നശിപ്പിക്കുന്നു. നീതിമാന്മാരോ പരിജ്ഞാനത്താൽ വിടുവിക്കപ്പെടുന്നു. നീതിമാന്മാർ ശുഭമായിരിക്കുമ്പോൾ പട്ടണം സന്തോഷിക്കുന്നു. ദുഷ്ടന്മാർ നശിക്കുമ്പോൾ ആർപ്പുവിളി ഉണ്ടാകുന്നു.

36. പട്ടണം സന്തോഷിക്കുന്നതെപ്പോളാണ്?
37. സമ്പത്ത് ഉപകരിക്കാതെ പോകുന്നത് എപ്പോഴാണ്?
38. നേരുള്ളവരെ വഴിനടത്തുന്നതെന്താണ്?
39. ഒരുവന്റെ വഴിയെ ചൊവ്വാക്കുന്നതെന്ത്?

**വിട്ടുപോയ ഭാഗം കൂട്ടിച്ചേർത്ത് ഗീതം പൂർത്തിയാക്കുക** **3**

40. അട്ടഹസിക്കുന്നിരു ചിറകും
.................................. നിന്നിട്ടേവം
പരിശുദ്ധൻ നീ ..........................
............................. നീ ദൈവസുതാ
പരിശുദ്ധൻ നീ ...............................
............................. സ്തുത്യമഹോ

**പ്രാർത്ഥന പൂർണ്ണമായി എഴുതുക** **3**

41. എന്റെ സഹായം ആകാശവും ഭൂമിയും ........................... കർത്താവിന്റെ ...................... നിന്ന് ആകുന്നു. അവൻ നിന്റെ കാൽ വഴുതുവാൻ ............................ നിന്റെ ............................ ഉറക്കം തൂങ്ങുകയില്ല. എന്തെന്നാൽ .............................. കാവവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല. ഉറങ്ങുന്നുമില്ല.